**പതിനാലാം കേരള നിയമസഭ**

**പരിസ്ഥിതി സംബന്ധിച്ച സമിതി**
**(2019-2021)**

# ഇരുപത്തഞ്ചാമത് റിപ്പോർട്ട്

(2021 ജനവരി 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ (മുക്കുന്നിമലയിലെ പാറക്വാറി/ക്രഷർ യൂണിറ്റുകൾമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2019-2021)

## ഇരുപത്തഞ്ചാമത് റിപ്പോർട്ട്

(2021 ജനവരി 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ (മൂക്കുന്നിമലയിലെ പാറക്വാറി/ക്രഷർ യൂണിറ്റുകൾമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | ... | |
| ആമുഖം | ... | |
| അദ്ധ്യായം I : റിപ്പോർട്ട് | ... | |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം. | ... | |
| അദ്ധ്യായം III : സർക്കാർ മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം | ... | |
| അദ്ധ്യായം IV : സമിതിയുടെ തുടർ ശിപാർശകൾ | | |

പരിസ്ഥിതി സംബന്ധിച്ച സമിതി
(2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. മുല്ലക്കര രത്നാകരൻ

<u>അംഗങ്ങൾ:</u>

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹിം

ശ്രീ. കെ. എം. ഷാജി

*ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജം, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ് കുമാർ ജി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി

* 18.01.2021 ന് അന്തരിച്ചു.

# ആമുഖം

സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി പഠിക്കുകയും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് 1992 ജൂലൈ 27-ന് പരിസ്ഥിതി സംബന്ധിച്ച സമിതി രൂപീകരിക്കപ്പെട്ടത്.. സമിതിയിൽ ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഒൻപതിൽ കൂടാത്ത അംഗങ്ങളാണ് ഉള്ളത്. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, മാലിന്യപ്രശ്നങ്ങളുടെ കാര്യത്തിൽ വളരെ പ്രതീക്ഷയോടെയാണ് പൊതു സമൂഹം സമിതിയെ സമീപിക്കുന്നത്.

വിവിധ തരത്തിലുള്ള മലിനീകരണം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ സമിതിയിൽ നിക്ഷിപ്തമായ ചുമതലകളുടെ പരിധിയിൽ വരുന്നപക്ഷം അവ സമിതി പരിഗണിക്കുകയും സർക്കാരിലേക്ക് നടപടി റിപ്പോർട്ടിനായി അയയ്ക്കുകയും ചെയ്യുന്നു. പത്രവാർത്തയിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും ശ്രദ്ധയിൽപ്പെടുന്നതും സമിതിയുടെ അധികാര പരിധിയിൽപ്പെടുന്നതുമായ വിഷയങ്ങളും സമിതി പഠനവിധേയമാക്കുന്നു. നിവേദനങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സമിതി പരിശോധിക്കുകയും പ്രസ്തുത റിപ്പോർട്ട് പരാതി പരിഹരിക്കാൻ ഉതകുന്നതാണെങ്കിൽ ആ വിവരം സമിതിയെ അറിയിക്കണമെന്ന നിർദ്ദേശത്തോടെ ഹർജിക്കാരന് സർക്കാർ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം അയച്ചുകൊടുക്കുകയും ചെയ്യുന്നു.

മലിനീകരണം സംബന്ധിച്ച പരാതി ലഭിച്ചാൽ അത്തരം വ്യവസായ സ്ഥാപനങ്ങളും ഫാക്ടറികളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും സമിതി അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു. ഏതെങ്കിലും പ്രത്യേക പാരിസ്ഥിതിക പ്രശ്നം സംബന്ധിച്ച് ബഹു. സ്പീക്കറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ സമിതിക്ക് പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കാവുന്നതാണ്. റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിന് ശേഷം റിപ്പോർട്ടിന്റെ പകർപ്പുകൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയച്ച് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സമിതി തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കുന്നു. ആയവ സമിതിയോഗം പരിശോധിച്ച് ആക്ഷൻടേക്കൺ റിപ്പോർട്ടുകളായി സഭയിൽ സമർപ്പിക്കുന്നു.

1992-ലെ ആദ്യ സമിതി 1993 ഫെബ്രുവരി 2-ാം തീയതി റിപ്പോർട്ട് സഭയിൽ അവതരിപ്പിച്ചതോടെയാണ് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പണം ആരംഭിക്കുന്നത്. 1992 മുതൽ 2020 വരെയുള്ള കാലയളവിൽ 18 സമിതികൾ ആകെ 118 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. അവയിൽ പകുതിയോളം ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും 4 എണ്ണം ജനറൽ റിപ്പോർട്ടുകളും ബാക്കിയുള്ളവ സ്പെഷ്യൽ റിപ്പോർട്ടുകളുമാണ്. റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾക്ക് അനുസരിച്ചാണ് റിപ്പോർട്ടിന്റെയും റിപ്പോർട്ടിന് ആസ്പദമായി സമർപ്പിക്കപ്പെട്ട നിവേദനത്തിന്റെയും ഫലപ്രാപ്തി നിർണ്ണയിക്കപ്പെടുന്നത്.

പരിസ്ഥിതി സംബന്ധിച്ച സമിതി(2016-2019)യുടെ പതിമൂന്നാമത് റിപ്പോർട്ട് (മൂക്കുന്നിമലയിലെ പാറക്വാറി/ക്രഷർ യൂണിറ്റുകൾമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 27.03.2018-ൽ കൂടിയ സമിതിയോഗം അംഗീകരിച്ച് 03.04.2018-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശയിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2021 ജനുവരി മാസം 20-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2021 ജനുവരി 20

മുല്ലക്കര രത്നാകരൻ
അദ്ധ്യക്ഷൻ
പരിസ്ഥിതി സംബന്ധിച്ച സമിതി

# അദ്ധ്യായം I
## റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019) യുടെ പതിമൂന്നാമത് റിപ്പോർട്ട് (മുക്കുന്നിമലയിലെ പാറക്വാറി/ക്രഷർ യൂണിറ്റുകൾ മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 2018 ഏപ്രിൽ 3-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. കേരള സംസ്ഥാനം ഇന്ന് നേരിടുന്ന അപരിഹാര്യമായ ഒരു പ്രതിസന്ധിയായി നിലനിൽക്കുകയാണ് സംസ്ഥാനത്തെ പാറക്വാറികളും ക്രഷർ യൂണിറ്റുകളും സൃഷ്ടിക്കുന്ന പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങൾ. തിരുവനന്തപുരം ജില്ലയിലെ മൂക്കുന്നിമലയിലെ പ്രദേശവാസികളെ പാറക്വാറികളുടെ പ്രവർത്തനം ദോഷകരമായി ബാധിക്കുന്നു എന്നത് സംബന്ധിച്ച് സമിതിക്ക് ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ ആകെ 18 ശിപാർശകളാണ് ഉൾപ്പെടുത്തിയിരുന്നത്.

2. റിപ്പോർട്ടിലൂടെ സമിതി നൽകിയ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 21.08.2018 -ൽ സർക്കാരിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തദ്ദേശസ്വയംഭരണം (ആർ.സി), വ്യവസായം (എ), (മൈനിങ് & ജിയോളജി), ആഭ്യന്തരം, പരിസ്ഥിതി, കാർഷികവികസന കർഷകക്ഷേമം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച പത്രികകൾ സമിതിക്ക് ലഭ്യമാക്കിയതിനെ തുടർന്ന് സമിതിയോഗങ്ങൾ അവ വിശദമായി പരിശോധിക്കുകയുണ്ടായി. പരിസ്ഥിതി, ആഭ്യന്തരം, ആരോഗ്യ കുടുംബക്ഷേമം(എം), ജലവിഭവം (ജി &പി), വനം-വന്യ ജീവി എന്നീ വകുപ്പുകൾ നടപടി റിപ്പോർട്ട് നൽകിയിട്ടില്ല എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. എന്നാൽ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിൽ നിന്നും എല്ലാ ശിപാർശകൾക്കും മറുപടി ലഭിച്ച വിവരം പ്രത്യേകം പരാമർശിക്കുന്നു.

3. റിപ്പോർട്ടിലെ ശിപാർശകൾ, അവയിന്മേൽ സർക്കാർ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി പത്രികകൾ എന്നിവ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

4. തുടർ നടപടി പത്രികകൾ ഇനിയും ലഭ്യമാകാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ മൂന്നാം അദ്ധ്യായമായും സമിതിയുടെ തുടർ ശിപാർശകൾ നാലാം അദ്ധ്യായമായും ചേർത്തിരിക്കുന്നു.

# അദ്ധ്യായം II

## സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം

### ശിപാർശ നമ്പർ 1

മൂക്കുന്നിമലയിലെ ക്വാറി/ക്രഷർ യൂണിറ്റുകളിൽ പണിയെടുക്കുന്നവരെയും പരിസരവാസികളെയും ആ പ്രദേശത്തിന്റെ പരിസ്ഥിതിയെയും ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിക്കുന്നു എന്നതിനെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തണമെന്നും പ്രസ്തുത പഠനം ആറുമാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയഭരണവകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

മൂക്കുന്നിമലയിൽ പ്രവർത്തിച്ച് വരുന്ന ക്വാറി, മെറ്റൽ ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം പ്രസ്തുത യൂണിറ്റുകളിൽ പണിയെടുക്കുന്ന തൊഴിലാളികളെയും പരിസരവാസികളെയും പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്ന് ശാസ്ത്രീയമായി പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### ശിപാർശ നമ്പർ 2

മൂക്കുന്നിമലയുടെ പാരിസ്ഥിതിക -ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും നിലവിൽ ഹൈക്കോടതി ഉത്തരവു പ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനും പാരിസ്ഥിതിക ആഘാതപഠനം, മലിനീകരണ പ്രശ്നം, ക്വാറി തൊഴിലാളികളുടെയും പരിസരവാസികളുടെയും സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നിർമ്മാണ മേഖലയ്ക്ക് ക്വാറി/ക്രഷർ യൂണിറ്റുകളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ കൂടുതലായി ലഭ്യമാക്കുന്നതിനുള്ള സാധ്യത എന്നിവ വിലയിരുത്തുന്നതിനും ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിശ്ചയിക്കുന്നതിനും ജില്ലാകളക്ടർ നേതൃത്വം വഹിക്കുന്ന ഒരു സമിതിയുടെ ആവശ്യം അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ, ജില്ലാ കളക്ടർ, മൂക്കുന്നിമല ഉൾപ്പെടുന്ന സ്ഥലം ജനപ്രതിനിധികൾ,

മൂക്കന്നിമല സംരക്ഷണ സമര സമിതി പ്രവർത്തകർ, പരിസരവാസികൾ തുടങ്ങിയവർ അടങ്ങുന്ന ഒരു മേൽനോട്ടസമിതി അടിയന്തരമായി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയഭരണവകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

മൂക്കന്നിമലയിലെ പാരിസ്ഥിതിക ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്വാറികൾ ജനജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കാത്ത വിധത്തിൽ പ്രവർത്തിക്കുന്നതിനും ക്വാറി, ക്രഷർ യൂണിറ്റുകളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ കൂടുതലായി നിർമ്മാണ മേഖലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സാധ്യത വിലയിരുത്തുന്നതിനും പാരസ്ഥിതികാഘാത പഠനം നടത്തുന്നതിനും ജില്ലാ കളക്ടർ നേതൃത്വം നൽകുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ മൂക്കന്നിമല പ്രദേശത്തെ ജനപ്രതിനിധികൾ, മൂക്കന്നിമല സംരക്ഷണസമിതി പ്രവർത്തകർ പരിസരവാസികൾ എന്നിവർ അടങ്ങുന്ന ഒരു മേൽനോട്ട സമിതി രൂപീകരിക്കാൻ തീരുമാനിച്ചു.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 3

അഞ്ച് ക്വാറികൾക്കെതിരെ മൈനിംഗ് & ജിയോളജി വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നുവെങ്കിലും ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവർ തുടർന്നും ഖനനം നടത്തുന്നുണ്ടെന്നും 2023 ആകുമ്പോൾ ഈ അഞ്ചു ക്വാറികളുടെയും പാട്ടക്കരാർ പ്രകാരമുള്ള കാലാവധി പൂർത്തിയാകുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ സമിതിയെ ധരിപ്പിച്ചിരുന്നു. പ്രസ്തുത കാലയളവു വരെ ക്വാറി/ക്രഷർ പ്രവർത്തിക്കുന്നതിന് മൈനിംഗ് & ജിയോളജി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവർ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് മേൽനോട്ട സമിതി ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അഞ്ച് ക്വാറികൾ 2023 ആകുമ്പോൾ പാട്ടക്കരാർ പ്രകാരമുള്ള കാലാവധി പൂർത്തിയാക്കുമെന്നും പ്രസ്തുത കാലയളവ് വരെ ടി ക്വാറികൾ പ്രവർത്തിക്കുന്നതിന് മൈനിങ് & ജിയോളജി, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവർ നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് മേൽനോട്ട സമിതി ഉറപ്പാക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജിയോളജി ഡിപ്പാർട്ട്മെന്റ്, കേരള മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസർ എന്നിവർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (ബി) വ്യവസായ വകുപ്പ്

(സർക്കാർ കത്ത് നമ്പർ വ്യവ-എ 3/384/2018-വ്യവ. തീയതി 07.01.2020)

മുക്കന്നിമലയിലെ ക്വാറികളുടെ പ്രവർത്തനത്തിന് മൈനിങ് & ജിയോളജി വകുപ്പിൽ നിന്നുള്ള ഖനനാനുമതി, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സമ്മതം, പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ എല്ലായ്പ്പോഴും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ജിയോളജിസ്റ്റ്, ജില്ലാ ഓഫീസ്, തിരുവനന്തപുരം, ജിയോളജിസ്റ്റ്, കേരള മിനറൽ സ്ക്വാഡ് (ദക്ഷിണ മേഖല) എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 4

ക്വാറി/ക്രഷർ യൂണിറ്റുകളിൽ നിന്നും ലോറികളിലും മറ്റും കൊണ്ടുപോകുന്ന പാറയുടെയും ക്രഷർ ഉല്പന്നങ്ങളുടെയും കണക്ക് വ്യക്തമായി രേഖപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനുമായി സമീപ റോഡുകളിൽ പോലീസ് ചെക്ക്പോസ്റ്റ് ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തണമെന്നും ലഭ്യമായ വിവരങ്ങൾ മേൽനോട്ട സമിതി വിശകലനം ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി13/379/2018/തസ്വഭവ. തീയതി 23.11.2019)

മൂക്കന്നിമലയിലെ ക്വാറി/ക്രഷർ യൂണിറ്റുകളിൽ നിന്നും വാഹനങ്ങളിൽ കയറ്റിക്കൊണ്ടു പോകുന്ന ഉൽപ്പന്നങ്ങളുടെ കണക്ക് കൃത്യമായി പരിശോധിച്ച് രേഖപ്പെടുത്തുന്നതിന് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

## ശിപാർശ നമ്പർ 5

ക്വാറി/ക്രഷർ പ്രവർത്തിക്കുന്നത് അന്തരീക്ഷ-വായു മലിനീകരണത്തിന് കാരണമാകുന്നുണ്ടോ എന്ന് ഫലപ്രദമായി പരിശോധിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുമായിരുന്നുവെങ്കിലും അവർ ക്വാറി/ക്രഷർ യൂണിറ്റുകൾ നിർത്തി വയ്ക്കുന്നതിനെക്കുറിച്ച് ആലോചിച്ചതല്ലാതെ ഇതരകാര്യങ്ങളെക്കുറിച്ചൊന്നും ചിന്തിച്ചിരുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. മൂക്കന്നിമലയിലെ പാറക്വാറി/ക്രഷർ യൂണിറ്റുകളിൽ മലിനീകരണ നിയന്ത്രണ സംവിധാനം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനപ്രകാരം ഏർപ്പെടുത്തിയിട്ടില്ലെന്ന വസ്തുത പൊതുജനങ്ങളിൽ നിന്നും പരാതി ഉണ്ടാകുന്നതുവരെ അധികാരികൾ ശ്രദ്ധിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ എല്ലാ നിബന്ധനകളും ക്വാറി/ക്രഷർ യൂണിറ്റുകൾ പാലിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി13/379/2018/തസ്വഭവ. തീയതി 23.11.2019)

മൂക്കന്നിമലയിലെ ക്വാറി ക്രഷർ യൂണിറ്റുകളിൽ നിന്നും വാഹനങ്ങളിൽ മലിനീകരണത്തിന് കാരണമാകുന്നുവെന്ന വസ്തുത യോഗം ചർച്ച ചെയ്യുകയും ആകയാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് പരിശോധനകൾ നടത്തുന്നതിനും നിബന്ധനകൾ ലംഘിക്കുന്നുവെങ്കിൽ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 6

പാറക്വാറികളിൽ തുടരെത്തുടരെ അപകടങ്ങളുണ്ടാകുന്നത് പരിസ്ഥിതി നിയമങ്ങൾ ശരിയായരീതിയിൽ പാലിക്കാത്തതു കൊണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ പാറക്വാറി നിയമം ശരിയായി പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് മറ്റു വകുപ്പുകളുടെ ഏകോപനത്തോടെ സുസ്ഥിര സംവിധാനം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) തദ്ദേശസ്വയഭരണവകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

പാറക്വറികളിൽ അപകടങ്ങൾ പതിവാകുന്ന സാഹചര്യത്തിൽ നിയനം ശരിയായി പാലിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിന് മൈനിങ് & ജിയോളജി വകുപ്പ് മറ്റ് വകുപ്പുകളുടെ ഏകോപനത്തോടെ സ്ഥിരം സംവിധാനമുണ്ടാക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഫയർ & റെസ്ക്യൂ. മൈനിങ് & ജിയോളജി വകുപ്പ്, എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, ജില്ലാ പോലീസ് ഓഫീസർ (റൂറൽ) എന്നിവർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (ബി) വ്യവസായ വകുപ്പ്

(സർക്കാർ കത്ത് നമ്പർ വ്യവ-എ 3/384/2018-വ്യവ. തീയതി 07.01.2020)

മൂക്കന്നിമലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ക്വാറി/ക്രഷർ നിയമവിധേയമായി മാത്രം പ്രവർത്തിക്കുന്നതാണെന്നും അനധികൃത ഖനനവും ധാതു കടത്തും നടക്കുന്നില്ലായെന്നും ഉറപ്പ് വരുത്തുവാൻ ഈ ക്വാറികളിലും ക്രഷർ യൂണിറ്റുകളിലും ഇടയ്ക്കിടെ പരിശോധന നടത്തേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 7

സർക്കാർ ഭൂമിയാണോ വ്യക്തികളുടെ ഭൂമിയാണോ എന്ന് ചിന്തിച്ചതല്ലാതെ മൂക്കന്നിമലയിലെ

ആവാസവ്യവസ്ഥയും ജൈവസമ്പത്തും സംരക്ഷിക്കുന്നതിനായി ഒരു സർക്കാർ വകുപ്പും ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ വൈവിധ്യമാർന്ന ജൈവസമ്പത്തുള്ള മല എന്ന പരിഗണന കൊടുത്ത് മൂക്കുന്നിമലയെക്കുറിച്ച് സമഗ്രമായ പഠനം നടത്തണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മലനിരകളെ സംരക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

മൂക്കുന്നിമലയിലെ വൈവിധ്യമാർന്ന ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന് സമഗ്രമായ പഠനം നടത്തുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിങ് & ജിയോളജി, ജില്ലാ കളക്ടർ എന്നിവർക്ക് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 8

പാരിസ്ഥിതികാഘാത പഠനം നടത്തിയിട്ടില്ലെങ്കിലും മൂക്കുന്നിമലയിൽ പ്രവർത്തിക്കുന്ന ക്വാറികൾ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും മൈനിംഗ് & ജിയോളജി വകുപ്പിന്റെയും നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും പരിഹാരം നിർദ്ദേശിക്കാനും ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധിച്ചതായി കാണുന്നില്ല. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവയല്ലാതെ മറ്റൊരു പാറക്വാറി/ക്രഷർ യൂണിറ്റുകൾ മൂക്കുന്നിമലയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(എ) തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള ക്വാറി ക്രഷർ യൂണിറ്റുകളല്ലാതെ മറ്റ് യൂണിറ്റുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) വ്യവസായ വകുപ്പ്

(സർക്കാർ കത്ത് നമ്പർ വ്യവ-എ 3/384/2018-വ്യവ. തീയതി 07.01.2020)

മൂക്കുന്നിമലയിൽ മറ്റു ആവശ്യങ്ങൾക്ക് പതിച്ചുകൊടുത്ത ഭൂമിയിൽ ഹൈക്കോടതി

ഉത്തരവ് പ്രകാരമല്ലാതെ മറ്റു ക്വാറികൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് ജിയോളജിസ്റ്റ്, ജില്ലാ ഓഫീസ്, തിരുവനന്തപുരം, ജിയോളജിസ്റ്റ്, കേരള മിനറൽ സ്ക്വാഡ് (ദക്ഷിണ മേഖല) എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .

(07.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 9

പാരിസ്ഥിതികാഘാതപഠനവും പരിസ്ഥിതി മലിനീകരണവും സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയശേഷം മാത്രമേ മൂക്കുന്നിമലയിൽ പുതിയ ക്വാറി/ക്രഷർ യൂണിറ്റുകൾക്ക് അനുമതി നൽകുവാൻ പാടുള്ളു എന്നും നിലവിലുള്ളവ അനുവദനീയമായ അളവിൽ മാത്രമേ പാറ പൊട്ടിക്കുന്നുള്ളുവെന്ന് ഉറപ്പു വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(എ) തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

പരിസ്ഥിതി ആഘാത പഠനവും പരിസ്ഥിതി മലിനീകരണവും സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയതിനുശേഷം മാത്രമേ മൂക്കുന്നിമലയിൽ പുതിയ ക്വാറി ക്രഷർ യൂണിറ്റുകൾക്ക് അനുമതി നൽകുകയുള്ളുവെന്നും അനുവദനീയമായ അളവിൽ മാത്രമേ പാറഖനനം അനുവദിക്കുകയുള്ളുവെന്നും തീരുമാനിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) വ്യവസായ വകുപ്പ്

(സർക്കാർ കത്ത് നമ്പർ വ്യവ-എ 3/384/2018-വ്യവ. തീയതി 07.01.2020)

മൈനിങ് & ജിയോളജി വകുപ്പ് നിശ്ചയിച്ചു ഉറപ്പിക്കുന്ന അളവിന് അനുസൃതമായാണ് ഖനനം നടക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ജിയോളജിസ്റ്റ്, ജില്ലാ ഓഫീസ്, തിരുവനന്തപുരം, ജിയോളജിസ്റ്റ്, കേരള മിനറൽ സ്ക്വാഡ് (ദക്ഷിണ മേഖല) എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 10

വർദ്ധിച്ചുവരുന്ന പാരിസ്ഥിതിക-മലിനീകരണ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുവാൻ ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചറോടുകൂടി പൊല്യൂഷൻ കൺട്രോൾ ബോർഡ് വിപുലീകരിക്കണമെന്ന് മുൻ പരിസ്ഥിതി സമിതി

ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് ഫലപ്രദമായി പ്രാവർത്തികമാക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടിയുണ്ടായതായി കാണുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

വർദ്ധിച്ചു വരുന്ന പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ കണക്കിലെടുത്ത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുണ്ടെങ്കിൽ ആയതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 11

മൂക്കുന്നിമലയിൽ കഴിഞ്ഞ വരൾച്ചാകാലത്തുണ്ടായ തീപിടുത്തത്തിൽ വളരെയധികം സസ്യജന്തുജാലങ്ങൾ നശിക്കുന്നതിനിടയായതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത തീ അണയ്ക്കുന്നതിന് വളരെയേറെ ക്ലേശങ്ങൾ ഫയർ & റസ്ക്യൂ സർവ്വീസിന് നേരിടേണ്ടിവന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മൂക്കുന്നിമല പ്രദേശത്ത് ഫയർ & റസ്ക്യൂ സർവ്വീസിന്റെ ഒരു യൂണിറ്റ് പ്രവർത്തനമാരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(എ) തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

മൂക്കുന്നിമല പ്രദേശത്ത് അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ഒരു ഫയർ & റസ്ക്യൂ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് ഫയർ & റെസ്ക്യൂ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) ആഭ്യന്തര വകുപ്പ്

(സർക്കാർ കത്ത് നമ്പർ. എഫ്2/392/2018/ആഭ്യന്തരം തീയതി 28.09.2019)

സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് തൽക്കാലം മാറ്റിവയ്ക്കുന്നതിന്

തീരുമാനിച്ചിട്ടുള്ളതുമാണ്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 12

അപകടസാധ്യതയും കാൽനടയാത്രക്കാരുടെ സുരക്ഷയും കണക്കിലെടുത്ത് മൂക്കുന്നിമലയിൽ നിന്നും വാഹനങ്ങളിൽ ക്വാറി ഉൽപ്പന്നങ്ങൾ കയറ്റിപ്പോകുന്നതിനും വാഹനങ്ങൾ തിരിച്ചെത്തുന്നതിനും മലയുടെ സമീപസ്ഥ റോഡുകൾ വൺ-വേ ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

മൂക്കുന്നിമലയുടെ സമീപസ്ഥലത്തെ റോഡുകൾ വൺവെ ആക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 13

മൂക്കുന്നിമലയിലെ ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം മൂലം സമീപവാസികളിൽ ഉണ്ടായിട്ടുള്ള ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

മൂക്കുന്നിമലയിലെ ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം മൂലം സമീപവാസികൾ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നുണ്ടോ എന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരോഗ്യവകുപ്പ് അധികൃതരോട് അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയും ആയതിൻ പ്രകാരം മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 14

മൂക്കന്നിമലയിൽ നിന്നുത്ഭവിക്കുന്ന ഉറവകളെ സംബന്ധിച്ച് അമ്പത് വർഷം മുമ്പുള്ളതും ഇപ്പോഴത്തേതുമായ സ്ഥിതിഗതികൾ സംബന്ധിച്ച് പഠനം നടത്തണമെന്നും ഉറവകൾ ഇല്ലാതാകുകയോ വറ്റിപ്പോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ പുനരുജ്ജീവിപ്പിക്കാനുള്ള മാർഗ്ഗം അവലംബിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ. ആർ.സി3/379/2018/ത.സ്വ.ഭ.വ. തീയതി 23.11.2019)

മൂക്കന്നിമലയിൽ മുമ്പുണ്ടായിരുന്ന നീരുറവകൾ ക്വാറി/ക്രഷർ യൂണിറ്റിന്റെ പ്രവർത്തന ഫലമായി നശിച്ചുപോയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അപ്രകാരമുണ്ടായിട്ടുണ്ടെങ്കിൽ ആയത് പുനരുജ്ജീവിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു നീർത്തട നടത്തം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

ശിപാർശ നമ്പർ 15

പാറക്വാറികളിൽ നിന്നും പാറപൊട്ടിച്ചെടുക്കുന്നത് ബഞ്ച് സിസ്റ്റത്തിലാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തെളിവെടുപ്പ് വേളയിൽ സമിതിയിൽ ബോധിപ്പിച്ചിരുന്നു. തറനിരപ്പിൽ നിന്നും എത്ര അടി വരെ കുഴിച്ച് പാറ പൊട്ടിച്ചെടുക്കാമെന്നുള്ളത് സംബന്ധിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പഠനം നടത്തി മാനദണ്ഡം നിശ്ചയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(എ) തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

മൂക്കന്നിമല പ്രദേശത്ത് പാരിസ്ഥികാഘാതം ഉണ്ടാകാതിരിക്കുന്നതിന് എത്ര അടി വരെ ആഴത്തിൽ ഖനനം നടത്താം എന്ന് റിപ്പോർട്ട് നൽകാൻ മൈനിങ് & ജിയോളജി വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) വ്യവസായ വകുപ്പ്

സർക്കാർ കത്ത് നമ്പർ വ്യവ-എ 3/384/2018-വ്യവ. തീയതി 07.01.2020

അംഗീകരിച്ച മൈനിങ് പ്ലാൻ പ്രകാരമാണ് ഖനനം നടത്തുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന് ജിയോളജിസ്റ്റ്, ജില്ലാ ഓഫീസ്, തിരുവനന്തപുരം,ജിയോളജിസ്റ്റ്, കേരള മിനറൽ സ്ക്വാഡ് (ദക്ഷിണ മേഖല) എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 16

മൂക്കുന്നിമലയിൽ പാറപൊട്ടിക്കുമ്പോൾ രൂപപ്പെടുന്ന കുഴികളിൽ ശേഖരിച്ചുനിർത്തുന്ന ജലമാണ് ക്വാറി/ക്രഷറുകളുടെ ആവശ്യത്തിന് ഉപയോഗിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. വെള്ളം അങ്ങനെ ശേഖരിക്കുമ്പോൾ ഉറവകൾ വറ്റിപ്പോവുകയും ക്രമേണ കുടിവെള്ള സ്രോതസ്സായ കരമനയാറിലെയും സമീപസ്ഥ കിണറുകളിലെയും വെള്ളം വറ്റുന്നതിനിടവരുകയും ചെയ്യുമെന്ന് സമിതി വിലയിരുത്തുന്നു. ആയത് സംബന്ധിച്ച് പരിസ്ഥിതി വകുപ്പ് പഠനം നടത്തണമെന്നും മലിനജലം ജലസ്രോതസ്സുകളിലെത്തിച്ചേരാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(എ) തദ്ദേശസ്വയഭരണവകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

മൂക്കുന്നിമലയിൽ ആഴത്തിൽ പാറഖനനം നടത്തുന്നതുമൂലം സമീപ പ്രദേശങ്ങളിലെയും കുളങ്ങളിലെയും ഉറവകളിലെയും വെള്ളം വറ്റുന്നത് സംബന്ധിച്ചും പാറമടകളിലെ മലിനജലം ജലസ്രോതസ്സുകളിൽ ഒഴുകിയെത്തി വെള്ളം മലിനമാകുന്നുണ്ടോ എന്നത് സംബന്ധിച്ചും പഠനം നടത്തുന്നതിന് പരിസ്ഥിതി വകുപ്പിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ച് ആയതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) പരിസ്ഥിതി വകുപ്പ്

(സർക്കാർ കത്ത് നമ്പർ.എ 2/2/2019/പരി. തീയതി 10.06.2020)

ഈ വിഷയത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസിൽ നിന്നും പരിശോധന നടത്തുകയുണ്ടായി. പാറ പൊട്ടിക്കുമ്പോൾ രൂപപ്പെടുന്ന കുഴികളിൽ വെള്ളം ശേഖരിക്കപ്പെടുന്നുണ്ട്. ഈ വെള്ളം ക്വാറികളിലും ക്രഷറുകളിലും സ്പ്രിങ്കിളിങ്ങിനും മറ്റുമായി ഉപയോഗിക്കുന്നുണ്ട്. മൂക്കുന്നിമലയിൽ പ്രവർത്തിക്കുന്ന സാൻഡ് നിർമ്മിച്ച് കഴുകി ഉപയോഗിക്കുന്ന യൂണിറ്റുകൾക്ക് ഉപയോഗിച്ച വെള്ളം പുനരുപയോഗം ചെയ്യണമെന്ന നിബന്ധനയോടെയാണ് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത്. എന്നാൽ മഴക്കാലത്ത് പൊടി കലർന്ന വെള്ളം ഒഴുകി ടി കുഴികളിൽ ഒഴുകി എത്തിച്ചേരാനും ഈ കുഴികൾ നിറഞ്ഞ് ഒഴുകാനും സാധ്യതയുണ്ട്. ആയതിനാൽ പാറപ്പൊടി കഴുകുന്ന മലിനജലം യാതൊരു കാരണവശാലും പുറത്തോട്ട് ഒഴുക്കിവിടാതെ യൂണിറ്റിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിലൂടെ പുനരുപയോഗം ചെയ്യേണ്ടതാണെന്ന നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർ മോണിറ്ററിംഗ് ജില്ലാ ഓഫീസിൽ നിന്നും നടത്തുന്നതായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 17

പാറ പൊട്ടിച്ചതുമൂലം രൂപപ്പെട്ട അഗാധമായ കുഴികൾ സൃഷ്ടിക്കുന്ന അപകടസാധ്യത കണക്കിലെടുത്ത് ഖനനം കഴിഞ്ഞ ഭാഗങ്ങളിൽ സംരക്ഷണവേലി നിർമ്മിക്കണമെന്നും കൃഷിയോഗ്യമാക്കുവാൻ കഴിയുന്ന ഭാഗങ്ങൾ വീണ്ടും കൃഷിക്ക് ഉപയുക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(എ) തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

പാറ പൊട്ടിക്കുന്നതു മൂലം രൂപപ്പെടുന്ന അഗാധമായ കുഴികൾ അപകടങ്ങൾ വരുത്തുന്നതിനാൽ ഖനനത്തിനു ശേഷം കുഴികൾക്ക് ചുറ്റും കമ്പിവേലി കെട്ടി സംരക്ഷണ ഭിത്തി തീർക്കാനും ടി പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിന് കഴിയുമോ എന്ന് പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) വ്യവസായ വകുപ്പ്

(സർക്കാർ കത്ത് നമ്പർ വ്യവ-എ 3/384/2018-വ്യവ. തീയതി 07.01.2020)

ഖനനം മൂലമുണ്ടായ ഗർത്തങ്ങൾക്കു ചുറ്റും ഫെൻസിങ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ക്വാറി ഉടമകൾക്ക് നിർദ്ദേശം നൽകുവാൻ ജിയോളജിസ്റ്റ്, ജില്ലാ ഓഫീസ്, തിരുവനന്തപുരം,ജിയോളജിസ്റ്റ്, കേരള മിനറൽ സ്ക്വാഡ് (ദക്ഷിണ മേഖല) എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട ഖനികളിലെ ഗർത്തങ്ങൾ മൂലമുള്ള അപകടസാധ്യത കണക്കിലെടുത്ത് സംരക്ഷണവേലി നിർമ്മിക്കുന്നതിന് ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ട്രസ്റ്റ് ഫണ്ട് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ജിയോളജിസ്റ്റ്, ജില്ലാ ഓഫീസ്, തിരുവനന്തപുരത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10.11.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>(സി) കാർഷിക വികസന കർഷകക്ഷേമ വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ. AGRI-AG1/346/2019-AGRI, തീയതി 11.11.2019)

മൂക്കുന്നിമലയിൽ പരാമർശിക്കപ്പെട്ട പ്രദേശങ്ങളിൽ ഇപ്പോഴും നൂറുകണക്കിന് പാറക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം വിവിധ കമ്പനികൾ പ്രദേശവാസികളിൽ നിന്നും വിലയ്ക്ക് വാങ്ങിയ പ്രദേശങ്ങളാണ്. ടി ക്വാറികളിലെ ഭൂരിപക്ഷം തൊഴിലാളികളും തദ്ദേശവാസികളുമാണ്. പാറ പൊട്ടിച്ച് ഉണ്ടായ ഗർത്തങ്ങളിൽ മണ്ണിട്ട് നികത്തി കൃഷി യോഗ്യമാക്കുക പ്രായോഗികമല്ല. എന്നാൽ വെള്ളം നിറഞ്ഞുകിടക്കുന്ന ക്വാറികളിൽ സംരക്ഷണവേലി നിർമ്മിച്ച് മത്സ്യകൃഷിക്കുള്ള സാധ്യത കാണുന്നുണ്ട്. വിജനവും തുറസ്സായി കിടക്കുന്ന ടി മേഖലയിൽ മത്സ്യകൃഷിക്ക് ഏജൻസികൾ തയ്യാറാവുകയും, കമ്പനികൾ ഇതിന് അനുമതി നൽകുകയും വേണം. ഇപ്പോൾ പ്രവർത്തിക്കുന്ന ക്വാറികളുടെ പ്രവർത്തനം തുടരുന്നപക്ഷം, മൂക്കുന്നിമലയുടെ മുകൾഭാഗം ക്രമേണ ഇല്ലാതാകുവാൻ സാധ്യത നിലനിൽക്കുന്നു. തുറസ്സായി കീഴ്ക്കാംതൂക്കായി ക്വാറികളുടെ സമീപം കിടക്കുന്ന പ്രദേശങ്ങളിൽ കാർഷികവൃത്തികൾ ചെയ്യുന്നത് ക്വാറി പ്രവർത്തനങ്ങൾ തുടരുന്നതിനാൽ അപകടകരമാണ്. എന്നാൽ താഴ്വരകളിൽ പാറക്കെട്ടുകൾക്ക് മുകളിലായി 5 മുതൽ 8 അടിവരെയുള്ള നല്ല വളക്കൂറുള്ള മണ്ണ് ഉള്ളതായി കാണുന്നുണ്ട്. ടി പ്രദേശങ്ങളിൽ തെങ്ങ്, വാഴ, കശുമാവ്, റബ്ബർ എന്നീ വിളകളുടെ കൃഷിക്ക് സാധ്യതയുണ്ടെങ്കിലും ടി പ്രദേശങ്ങളിൽ വാനരശല്യം രൂക്ഷമായതിനാൽ ആദായം ലഭിക്കുന്ന കാര്യത്തിൽ ആശങ്കയുണ്ട്. സ്ഥലവാസികൾ കൃഷി ചെയ്യുന്നതിനേക്കാളേറെ ക്വാറി ഉടമകൾക്ക് സ്ഥലം കൈമാറുന്നതിനാണ് കൂടുതൽ താല്പര്യപ്പെടുന്നത് എന്ന് തദ്ദേശവാസികൾ അഭിപ്രായപ്പെടുന്നു. ആയതിനാൽ താഴ്വരകളിൽ കൃഷിക്ക് അനുയോജ്യമായ സാഹചര്യമാണെങ്കിലും സ്ഥല ഉടമകളുടെ താല്പര്യക്കുറവും, വാനരശല്യവും കണക്കിലെടുത്താൽ ആദായകരമായി കൃഷി ചെയ്യാൻ സാധ്യത കാണുന്നില്ല എന്ന വിവരം സമർപ്പിക്കുന്നു.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 18

പാറഖനനം മൂലം മുക്കുന്നിമലയുടെ ആവാസവ്യവസ്ഥയിൽ കാര്യമായ മാറ്റം വന്നിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാലാണ് കുരങ്ങുകൾ ഉൾപ്പെടെയുള്ള മൃഗങ്ങൾ ധാരാളമായി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങി വരുന്നതും കൃഷികൾ നശിപ്പിക്കുന്നതും. ഇതിന് പരിഹാരമെന്ന നിലയിൽ മുക്കുന്നിമലയുടെ തനത് ആവാസവ്യവസ്ഥ പുന:സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ ഏറ്റെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയഭരണം വകുപ്പ്

(സർക്കാർ കത്ത് നമ്പർ.ആർ.സി3/379/2018/തസ്വഭവ. തീയതി 23.11.2019)

മുക്കുന്നിമലയുടെ തനത് ആവാസവ്യവസ്ഥ പുനസൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പരിസ്ഥിതി വകുപ്പിനോട് അഭ്യർത്ഥിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(09.01.2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

# അദ്ധ്യായം III

## നടപടി വിവരം ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം.

ആഭ്യന്തര വകുപ്പ് (4-ാം നമ്പർ ശിപാർശ)

ക്വാറി/ക്രഷർ യൂണിറ്റുകളിൽ നിന്നും ലോറികളിലും മറ്റും കൊണ്ടുപോകുന്ന പാറയുടെയും ക്രഷർ ഉല്പന്നങ്ങളുടെയും കണക്ക് വ്യക്തമായി രേഖപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനുമായി സമീപ റോഡുകളിൽ പോലീസ് ചെക്ക്പോസ്റ്റ് ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തണമെന്നും ലഭ്യമായ വിവരങ്ങൾ മേൽനോട്ട സമിതി വിശകലനം ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പരിസ്ഥിതി വകുപ്പ് (7-ാം നമ്പർ ശിപാർശ)

സർക്കാർ ഭൂമിയാണോ വ്യക്തികളുടെ ഭൂമിയാണോ എന്ന് ചിന്തിച്ചതല്ലാതെ മൂക്കുന്നിമലയിലെ ആവാസവ്യവസ്ഥയും ജൈവസമ്പത്തും സംരക്ഷിക്കുന്നതിനായി ഒരു സർക്കാർ വകുപ്പും ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ വൈവിധ്യമാർന്ന ജൈവസമ്പത്തുള്ള മല എന്ന പരിഗണന കൊടുത്ത് മൂക്കുന്നിമലയെക്കുറിച്ച് സമഗ്രമായ പഠനം നടത്തണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മലനിരകളെ സംരക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പരിസ്ഥിതി വകുപ്പ് (10-ാം നമ്പർ ശിപാർശ)

വർദ്ധിച്ചുവരുന്ന പാരിസ്ഥിതിക-മലിനീകരണ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുവാൻ ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചറോടുകൂടി പൊല്യൂഷൻ കൺട്രോൾ ബോർഡ് വിപുലീകരിക്കണമെന്ന് മുൻ പരിസ്ഥിതി സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് ഫലപ്രദമായി പ്രാവർത്തികമാക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടിയുണ്ടായതായി കാണുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആഭ്യന്തര വകുപ്പ് (12-ാം നമ്പർ ശിപാർശ)

അപകടസാധ്യതയും കാൽനടയാത്രക്കാരുടെ സുരക്ഷയും കണക്കിലെടുത്ത് മൂക്കുന്നിമലയിൽ നിന്നും വാഹനങ്ങളിൽ ക്വാറി ഉൽപ്പന്നങ്ങൾ കയറ്റിപ്പോകുന്നതിനും വാഹനങ്ങൾ തിരിച്ചെത്തുന്നതിനും മലയുടെ സമീപസ്ഥ റോഡുകൾ വൺ-വേ ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആരോഗ്യ കുടുംബക്ഷേമവകുപ്പ് (13-ാം നമ്പർ ശിപാർശ)

മൂക്കന്നിമലയിലെ ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം മൂലം സമീപവാസികളിൽ ഉണ്ടായിട്ടുള്ള ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ജലവിഭവ വകുപ്പ് (14-ാം നമ്പർ ശിപാർശ)

മൂക്കന്നിമലയിൽ നിന്നുത്ഭവിക്കുന്ന ഉറവകളെ സംബന്ധിച്ച് അമ്പത് വർഷം മുമ്പുള്ളതും ഇപ്പോഴത്തേതുമായ സ്ഥിതിഗതികൾ സംബന്ധിച്ച് പഠനം നടത്തണമെന്നും ഉറവകൾ ഇല്ലാതാകുകയോ വറ്റിപ്പോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ പുനരുജ്ജീവിപ്പിക്കാനുള്ള മാർഗ്ഗം അവലംബിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## വനം വകുപ്പ് (18-ാം നമ്പർ ശിപാർശ)

പാറഖനനം മൂലം മൂക്കന്നിമലയുടെ ആവാസവ്യവസ്ഥയിൽ കാര്യമായ മാറ്റം വന്നിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാലാണ് കുരങ്ങുകൾ ഉൾപ്പെടെയുള്ള മൃഗങ്ങൾ ധാരാളമായി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങി വരുന്നതും കൃഷികൾ നശിപ്പിക്കുന്നതും. ഇതിന് പരിഹാരമെന്ന നിലയിൽ മൂക്കന്നിമലയുടെ തനത് ആവാസവ്യവസ്ഥ പുന:സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ ഏറ്റെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

# അദ്ധ്യായം IV

## സമിതിയുടെ തുടർ ശിപാർശകൾ

1. മൂക്കന്നിമലയിലെ ക്വാറി/ക്രഷർ യൂണിറ്റുകളിൽ നിന്നും വാഹനങ്ങളിൽ കയറ്റിക്കൊണ്ടു പോകുന്ന ഉൽപ്പന്നങ്ങളുടെ കണക്ക് കൃത്യമായി പരിശോധിച്ച് രേഖപ്പെടുത്തുന്നതിന് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന തദ്ദേശസ്വയഭരണം വകുപ്പിന്റെ റിപ്പോർട്ടിന്മേൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ആയതിന്മേലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെടുന്നു.

2. മൂക്കന്നിമലയിൽ മുമ്പുണ്ടായിരുന്ന നീരുറവകൾ ക്വാറി/ക്രഷർ യൂണിറ്റിന്റെ പ്രവർത്തന ഫലമായി നശിച്ചുപോയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അപ്രകാരമുണ്ടായിട്ടുണ്ടെങ്കിൽ ആയത് പുനരുജ്ജീവിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു നീർത്തട നടത്തം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന തദ്ദേശസ്വയഭരണം വകുപ്പിന്റെ റിപ്പോർട്ടിന്മേൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ആയതിന്മേലുള്ള വിശദീകരണം ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെടുന്നു.

3. ക്വാറി/ക്രഷർ യൂണിറ്റുകളിൽ നിന്നും ലോറികളിലും മറ്റും കൊണ്ടുപോകുന്ന പാറയുടെയും ക്രഷർ ഉല്പന്നങ്ങളുടെയും കണക്ക് വ്യക്തമായി രേഖപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനുമായി സമീപ റോഡുകളിൽ പോലീസ് ചെക്ക്പോസ്റ്റ് ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തണമെന്നും ലഭ്യമായ വിവരങ്ങൾ മേൽനോട്ട സമിതി വിശകലനം ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ള ശിപാർശയിന്മേൽ ആഭ്യന്തരകാര്യ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

4. സർക്കാർ ഭൂമിയാണോ വ്യക്തികളുടെ ഭൂമിയാണോ എന്ന് ചിന്തിച്ചതല്ലാതെ മൂക്കന്നിമലയിലെ ആവാസവ്യവസ്ഥയും ജൈവസമ്പത്തും സംരക്ഷിക്കുന്നതിനായി ഒരു സർക്കാർ വകുപ്പും ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ വൈവിധ്യമാർന്ന ജൈവസമ്പത്തുള്ള മല എന്ന പരിഗണന കൊടുത്ത് മൂക്കന്നിമലയെക്കുറിച്ച് സമഗ്രമായ പഠനം നടത്തണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മലനിരകളെ സംരക്ഷിക്കണമെന്നുള്ള സമിതിയുടെ ശിപാർശ സംബന്ധിച്ച് പരിസ്ഥിതി വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

5. വർദ്ധിച്ചുവരുന്ന പാരിസ്ഥിതിക-മലിനീകരണ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഈ രംഗത്ത്

ഫലപ്രദമായി പ്രവർത്തിക്കുവാൻ ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചറോടുകൂടി പൊല്യൂഷൻ കൺട്രോൾ ബോർഡ് വിപുലീകരിക്കണമെന്ന് മുൻ പരിസ്ഥിതി സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് ഫലപ്രദമായി പ്രാവർത്തികമാക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടിയുണ്ടായതായി കാണുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിന് പ്രത്യേക പരിഗണന നൽകണമെന്ന സമിതി ശിപാർശ സംബന്ധിച്ച് പരിസ്ഥിതി വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

6. അപകടസാധ്യതയും കാൽനടയാത്രക്കാരുടെ സുരക്ഷയും കണക്കിലെടുത്ത് മൂക്കുന്നിമലയിൽ നിന്നും വാഹനങ്ങളിൽ ക്വാറി ഉൽപ്പന്നങ്ങൾ കയറ്റിപ്പോകുന്നതിനും വാഹനങ്ങൾ തിരിച്ചെത്തുന്നതിനും മലയുടെ സമീപസ്ഥ റോഡുകൾ വൺ-വേ ആക്കണമെന്ന സമിതിയുടെ ശിപാർശ സംബന്ധിച്ച് ആഭ്യന്തര വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

7. മൂക്കുന്നിമലയിലെ ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം മൂലം സമീപവാസികളിൽ ഉണ്ടായിട്ടുള്ള ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന സമിതി ശിപാർശ സംബന്ധിച്ച് ആരോഗ്യകുടുംബക്ഷേമ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

8. മൂക്കുന്നിമലയിൽ നിന്നുത്ഭവിക്കുന്ന ഉറവകളെ സംബന്ധിച്ച് അമ്പത് വർഷം മുമ്പുള്ളതും ഇപ്പോഴത്തേതുമായ സ്ഥിതിഗതികൾ സംബന്ധിച്ച് പഠനം നടത്തണമെന്നും ഉറവകൾ ഇല്ലാതാകുകയോ വറ്റിപ്പോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ പുനരുജ്ജീവിപ്പിക്കാനുള്ള മാർഗ്ഗം അവലംബിക്കണമെന്നുമുള്ള സമിതിയുടെ ശിപാർശ സംബന്ധിച്ച് ജലവിഭവ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു..

9. പാറഖനനം മൂലം മൂക്കുന്നിമലയുടെ ആവാസവ്യവസ്ഥയിൽ കാര്യമായ മാറ്റം വന്നിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാലാണ് കുരങ്ങുകൾ ഉൾപ്പെടെയുള്ള മൃഗങ്ങൾ ധാരാളമായി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങി വരുന്നതും കൃഷികൾ നശിപ്പിക്കുന്നതും. ഇതിന് പരിഹാരമെന്ന നിലയിൽ മൂക്കുന്നിമലയുടെ തനത് ആവാസവ്യവസ്ഥ പുന:സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ ഏറ്റെടുക്കണമെന്ന സമിതി ശിപാർശ സംബന്ധിച്ച് വനം-വന്യജീവി വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

മുല്ലക്കര രത്നാകരൻ,
അദ്ധ്യക്ഷൻ,
പരിസ്ഥിതി സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2021 ജനുവരി 20.

Fcp8h/raji 21/env/report/വിഴിഞ്ഞം ഏരിയാ സ്കീം-14.01.2021